മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്രമാസ്സമാണ് ആദ്യക്കേണ്ടതെന്നാണ് ആലോചിക്കുന്നത്.

മിസ്റ്റർ കെ. കെ. കണ്ണൻ: കേരളവർമ്മകോളേജിൽ പഠിക്കുന്ന ഒരധഃകൃത വിദ്യാർത്ഥിക്ക് ഇതുവരെ സൌജന്യങ്ങളും അനുവദിച്ചു കിട്ടിയിട്ടില്ലായെന്നുള്ള ആവലാതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർതന്നെ ഈ വിവരം എന്നെ എഴുതി അറയിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ ഇതിനെ സംബന്ധിച്ചു ഗവണ്മെണ്ടിലേയ്ക്കെഴുതിയിട്ടുണ്ടായിരുന്നു. പക്ഷെ ഇതുവരേയും മറുപടിയൊന്നുമുണ്ടായില്ല. അതുകൊണ്ടാണ് ഇപ്പോൾ ചോദിക്കുന്നത്. കേരളവർമ്മ കോളേജിൽ ചേർന്നിരിക്കുന്ന ആ വിദ്യാർത്ഥിയെ സംബന്ധിച്ചു ഗവണ്മെണ്ടു എന്തുനിലയാണ് എടുക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ കോളേജിൽ അധഃകൃത വിദ്യാർത്ഥികൾക്കു സീറ്റ് റിസർവ്വ് ചെയ്തിട്ടില്ല. അതുകൊണ്ടു ഇപ്പോഴത്തെ രൂൾ അനുസരിച്ച് ഡിപ്പാർട്ട്മെണ്ടു ഹെഡ്ഡിനു ഒരാനുകൂല്യവും ചെയ്തുകൊടുക്കാൻ നിവൃത്തിയില്ല. സൌജന്യം കൊടുക്കണമെന്നുണ്ടെങ്കിൽ ഗവണ്മെണ്ടിൽനിന്നു, പുതിയതായി ഓർഡർ കൊടുക്കണം, അതിനെപ്പറ്റി ഗവണ്മെണ്ടു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ചില ആനുകൂല്യങ്ങളും ഇപ്പോൾ തന്നെ കൊടുത്തിട്ടുമുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: എന്താനുകൂല്യമാണു കൊടുത്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൃത്യമായി പറയാൻ നോട്ടീസു വേണം.

മിസ്റ്റർ പി. കെ ഡീവർ: അയാൾ ഫീസ്സു കൊടുക്കേണ്ടിവരുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നത്തെ നിലയിൽ വേണ്ടിവരും.

മിസ്റ്റർ പി. കെ. ഡീവർ: അതു നിറുത്തൽചെയ്യാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്തൊക്കെയാണ് അനുവദിച്ചു കൊടുക്കേണ്ടതെന്നുള്ള കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ: എന്റെ അറിവു പുസ്തകത്തിനു ഒരു സംഖ്യ അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നാണ്. ചിലവിനുവേണ്ടി അഞ്ചുരൂപായും അനുവദിച്ചിട്ടുണ്ട്. അഞ്ചുരൂപാകൊണ്ടു ഒരു അധഃകൃതവിദ്യാർത്ഥിയ്ക്കു തൃശ്ശൂരിൽ പഠിച്ചു താമസിയ്ക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഇവിടെയുള്ള ഹോസ്റ്റൽ സൌജന്യങ്ങളും എല്ലാം ആ വിദ്യാർത്ഥിക്കും അനുവദിച്ചു കൊടുക്കണമെന്നാണു ഞാൻ പറയുന്നത്. ഇതിനു ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ വിദ്യാർത്ഥി സമർത്ഥയാ ആ കോളേജിൽ ചെന്നു ചേർന്നു. ഇപ്പോൾ സൌജന്യത്തിനുവേണ്ടി വാദിക്കുകയാണു ചെയ്യുന്നതു.

Mr. President: We have spent too much time on this question.

Mr. K. K. Kannan *(Kanayannur Depressed)*: Let me ask one question.

Mr. President: Yes.

മിസ്റ്റർ കെ. കെ. കണ്ണൻ: പുസ്തകത്തിനുവേണ്ടി ഒരു സംഖ്യ അനുവദിച്ചിട്ടുള്ള നിലയ്ക്കു മറ്റാനുകൂല്യങ്ങൾക്കൂടി കൊടുക്കേണ്ടകാര്യത്തിൽ ഗവണ്മെണ്ടു ശ്രദ്ധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാലോചിക്കാം.

CONDITIONS OF FENCING—HARIJAN GIRLS' HOSTEL, ERNAKULAM—INFORMATION REGARDING

81. (277) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു ദയവു മറുപടി പറയുമോ.—

(എ) എറണാകുളം ഹരിജൻ ഗേൾസ് ഹോസ്റ്റൽ ഇരിക്കുന്ന പറമ്പിന്റെ നാലതിരുകളിലായി കെട്ടിയിരിക്കുന്ന വേലി പഴകി ജീർണ്ണിച്ചും പല ഭാഗങ്ങളിലായി ഇടിഞ്ഞുപൊളിഞ്ഞും അരക്ഷിതാവസ്ഥയിലായി കിടക്കുന്ന സംഗതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെണ്ടു എന്തു നടപടി എടുത്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ഉവ്വ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹോസ്റ്റൽ ഇരിക്കുന്ന കെട്ടിടം വാടകക്കു് എടുത്തിട്ടുള്ളതാണു്. P.C.R. പണികളും, വേലികെട്ടുകലും കഴിയാതെ ഇനി വാടക തരികയില്ലെന്നു സ്ഥലമുടമസ്ഥനെ അറിയിച്ചപ്പോൾ എല്ലാ പണികളും വേഗത്തിൽ നടത്തി.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇപ്പോൾ വേലികെട്ടിക്കഴിഞ്ഞു എന്നു വല്ല റിപ്പോർട്ടും ഗവൺമെണ്ടിലേയ്ക്കു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

LICENCE FOR SALE OF INTOXICANTS—NUMBER OF

82. (45) മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിലേക്കു ദയവുണ്ടാകുമോ.—

(എ) തലപ്പള്ളി താലൂക്കിൽ ഫോറസ്റ്റ് മദ്യവില്പനക്കു എത്ര ലൈസൻസുകൾ നൽകീട്ടുണ്ടു്;

(ബി) മലബാറിനു തൊട്ടു ചെറുതുരുത്തി വില്ലേജിൽ മൊത്ത വില്പനക്കായും ചില്ലറ വില്പനക്കായും എത്ര ലൈസൻസുകൾ നൽകീട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൯൨.

(ബി) ൫.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: B. ചോദ്യത്തിനു 5 എന്നു ഉത്തരം പറഞ്ഞിട്ടുണ്ടു്. അതൊക്കെല്ലാമാണെന്നു പേരു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്റെ വിവരം എന്റെകയ്യിൽ കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ചിറ്റൂർ താലൂക്കിലെ മദ്യവ്യാപനത്തെ പരാജയപ്പെടുത്തുവാൻ വേണ്ടിയാണോ ഇങ്ങിനെ ചെയ്തിട്ടുള്ളതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ അങ്ങിനെ ധരിച്ചിട്ടില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിക്കാം.

2. ANNOUNCEMENT BY THE PRESIDENT REGARDING CONFERMENT OF TITLE ON HIS HIGHNESS

Mr. President: Before we proceed further, I would like to draw the attention of the Hon'ble Members to the fact that there is a function this afternoon at 3 O'clock in the Durbar Hall regarding the conferment of a title on His Highness the Maharaja. The function is at 3 O'clock and the guests are expected to be there at 2-45. So we terminate our business at 2-30 p.m.

Mr. P. Govinda Menon *(Minister for Finance and Law):* That may be done, Sir.

Mr. President: Yes. Then what about the interval? Since we have started at 10 O'clock we shall break for the interval at 12 O'clock. Many Hon'ble Members have complained about the shortness of the interval. We shall re-assemble after the interval at 1 O'clock. In view of he shortness of our time, I hope the Hon'ble Members will please adjust themselves and take as little time as possible.

Mr. C. V. Iyyu *(Kunnámkulam):* May I inform that the guests have to be present there at 2-45 p.m.

Mr. President: So we will rise at 2-30.

3. VOTING OF DEMANDS FOR GRANTS

32. Public Works

Mr. K. Ayyappan *(Minister for Works and Revenue):* I move for an allotment of Rs. 39,99,564 under 32—Public Works.

സർ, ഇവിടെ കിട്ടിയിട്ടുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചു് സാമാന്യമായി ചിലകാര്യങ്ങൾ പറഞ്ഞാൽ പിന്നെ, ഉപക്ഷേപങ്ങൾ മൂവ് ചെയ്യുന്ന സമയത്തു് അധികസമയം എടുക്കാതെകഴിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഇവിടെ കിട്ടിയിട്ടുള്ള ഉപക്ഷേപങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് റിട്രെഞ്ചുമെൻറിനെപ്പറ്റിയുള്ളതാണു്. ഇതിനുമുമ്പു പലപ്രാവശ്യവും ഗവൺമെണ്ടു് ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ടു്. റിട്രെഞ്ചുമെൻറ് കമ്മിറ്റിക്കാരുടെ റിപ്പോർട്ട് ഇപ്പോൾ ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്. റിട്രെഞ്ചു

LIBRARY ARCHIVES Kerala Legislative Assembly